REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ആറു ദിവസത്തെ ഒഡീഷ ഛത്തീസ്ഗഡ് സന്ദർശനം ഇന്ന് ആരംഭിക്കും.**
- **രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതാണ് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം.**
- **മൂന്ന് ദിവസത്തെ ഇടവേളയ്ക്ക് ശേഷം നിയമസഭാ സമ്മേളനം ഇന്ന് പുന:രാരംഭിക്കും.**
- **ഇന്ന് ലോക തണ്ണീർത്തട ദിനം.**
- **സിംബാബ്‌വേയിൽ ICC പുരുഷ അണ്ടർ 19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, പാകിസ്ഥാനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ ആറു ദിവസത്തെ ഒഡീഷ ഛത്തീസ്ഗഡ് സന്ദർശനം ഇന്ന് ആരംഭിക്കും. സന്ദർശനവേളയിൽ നാളെ ബാലസോറിലെ ഫക്കീർ മോഹൻ സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. പുതുതായി നിർമ്മിച്ച ഓഡിറ്റോറിയവും ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

മറ്റന്നാൾ ഭഞ്ച്ബീർസുനാറാം സോറന്റെ പ്രതിമ അനാച്ഛാദനം ചെയ്യുന്ന രാഷ്ട്രപതി, റായ്രംഗ്പൂരിലെ മാഹുഹുൽദിഹ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുമായി സംവദിക്കും. ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളജ് ആന്റ് ഹോസ്പിറ്റൽ, OUAT ക്യാമ്പസ്, ആർച്ചറി സെന്റർ, നഗരസൗന്ദര്യവത്കരണം, വിവിധ CSR പദ്ധതികൾ, റായ്രംഗ്പൂരിലെ MSCB യൂണിവേഴ്സിറ്റി ഇൻഫർമേഷൻ ടെക്നോളജി ക്യാമ്പസ് തുടങ്ങിയ വിവിധ പദ്ധതികൾ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്യും. വെള്ളിയാഴ്ച സിലിംപാലിൽ വ്യത്യസ്ത ആദിവാസി സമൂഹങ്ങളിലെ സ്ത്രീകളുമായും യുവാക്കളുമായും ദ്രൗപദി സംവദിക്കും. ഒഡിഷ ഗവൺമെന്റ് ഗ്ലോബൽ ഫിനാൻസ് ആന്റ് ടെക്നോളജിയുമായി സഹകരിച്ച് ഭുവനേശ്വറിൽ സംഘടിപ്പിക്കുന്ന ബ്ലാക്ക് സ്വാൻ സമ്മിറ്റ് ഇന്ത്യയിലും രാഷ്ട്രപതി പങ്കെടുക്കും. ശനിയാഴ്ച ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ 'ബസ്തർപാണ്ഡം 2026' ഉത്സവം ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യം ഉറ്റുനോക്കുന്ന ഭാവി നേതാക്കളാണ് യുവാക്കളെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. കേന്ദ്ര ബജറ്റ് അവതരിപ്പിച്ച ശേഷം ന്യൂഡൽഹിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ കോളേജ് വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ധനമന്ത്രി. ഗവൺമെന്റ് പ്രവർത്തനങ്ങൾ രാജ്യത്തെ യുവനേതാക്കൾക്ക് വഴിയൊരുക്കുമെന്ന് പറഞ്ഞ നിർമല സീതാരാമൻ പരസ്പര വിരുദ്ധമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഓരോ ധനമന്ത്രിയും നേരിടുന്ന പ്രശ്നമാണെന്നും, സന്തുലിതാവസ്ഥ നിലനിർത്തുക ബുദ്ധിമുട്ടേറിയ കാര്യമാണെന്നും അഭിപ്രായപ്പെട്ടു. പത്തുവർഷത്തിനിടയിൽ രാജ്യരക്ഷാ ചെലവ് രാജ്യത്തെ എങ്ങനെ സഹായിച്ചിട്ടുണ്ടെന്ന് ഓപ്പറേഷൻ സിന്ദൂർ ബോധ്യപ്പെടുത്തിയതായും ധനമന്ത്രി പറഞ്ഞു. രാഷ്ട്രം സുരക്ഷിതമായിരിക്കണമെന്നും, കർഷകർ ആവശ്യത്തിന് ഉത്പാദിപ്പിക്കണമെന്നും, അവരുടെ ഉത്പന്നങ്ങൾ ന്യായമായ വിലക്ക് വാങ്ങണമെന്നും നിർമല സീതാരാമൻ പറഞ്ഞു.

✪✪✪

മത്സരാധിഷ്ഠിതവും പ്രതിരോധ ശേഷിയിലൂന്നിയതും ആഗോള തലത്തിൽ സംയോജിതവുമായ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതാണ് കേന്ദ്രബജറ്റെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. സമഗ്രമായ പരിഷ്കാരവും നിക്ഷേപ അജണ്ട മുന്നോട്ട് കൊണ്ടുപോകുന്നതിനും വിശ്വസനീയമായ ആഗോള പങ്കാളിയെന്ന നിലയിൽ, രാജ്യത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിന് ബജറ്റിന് കഴിഞ്ഞെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഇന്ത്യയുടെ മത്സരശേഷി ശക്തിപ്പെടുത്തി, നിക്ഷേപം വർദ്ധിപ്പിക്കാനും ബിസിനസ്സ് എളുപ്പമാക്കാനും കേന്ദ്രബജറ്റ് സഹായിക്കുമെന്ന് US-ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറം അഭിപ്രായപ്പെട്ടു. വ്യാപാര സൗകര്യം, കസ്റ്റംസ് നവീകരണം, ബാങ്കിംഗ് മേഖല പരിഷ്കാരങ്ങൾ, തന്ത്രപര മേഖലാ പിന്തുണ എന്നിവയിൽ ശ്രദ്ധിച്ച ബജറ്റ് ആഗോള നിക്ഷേപ കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുന്നതായി ഫോറം വ്യക്തമാക്കി.

✪✪✪

2026-27 ലെ കേന്ദ്ര ബജറ്റിനെ കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് പ്രശംസിച്ചു. ബജറ്റ് സമഗ്ര ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുകയും, പരമ്പരാഗത വൈദ്യ ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

കേന്ദ്ര ബജറ്റ് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും ദീർഘകാല വികസനവും ലക്ഷ്യമിട്ടാണെന്ന് കാലിക്കറ്റ് ചേംബർ വിലയിരുത്തി. അതേ സമയം കേരളത്തെ സംബന്ധിച്ചിടത്തോളം ബജറ്റ് നിരാശജനകമാണ്.

അടിസ്ഥാന സൗകര്യ വികസനം, വ്യവസായ മേഖലയുടെ ശാക്തീകരണം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ എന്നിവയ്ക്ക് ബജറ്റിൽ നൽകിയ പ്രാധാന്യം സമ്പദ്‌വ്യവസ്ഥയുടെ ദീർഘകാല സ്ഥിരതയ്ക്ക് സഹായകരമാകുമെന്ന് ചേംബർ അറിയിച്ചു.

✪✪✪

ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് കർഷകർ, യുവജനങ്ങൾ, ചെറുകിട സംരംഭകർ, ആരോഗ്യ, ഗതാഗതം ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും പ്രതീക്ഷ നൽകുന്നതാണെന്ന് മലബാർ ഡെവലപ്മെൻറ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചേർന്ന വിവിധ വ്യാപാര -വ്യവസായ - കല - സാംസ്കാരിക സംഘടനകളുടെ ബഡ്ജറ്റ് അവലോകന യോഗം വിലയിരുത്തി.

✪✪✪

കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കണിക്കുന്ന കടുത്ത അവഗണനയും വിവേചനവുമാണ് കേന്ദ്രബജറ്റിലൂടെ വെളിവാകുന്നെതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കാസർകോട്ട് പറഞ്ഞു. CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന LDFന്റെ വടക്കൻ മേഖല ജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. അർദ്ധ അതി വേഗ റെയിൽ കേരളം ചോദിച്ചെങ്കിലും മറ്റ് സംസ്ഥാനങ്ങൾക്കാണ് അനുവദിച്ചത്. കേരളത്തിന് എന്താണ് അയോഗ്യതയെന്ന് വ്യക്തമാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ പര്യടനം നടത്തുന്ന ജാഥ ഈ മാസം 16 ന് തരൂരിൽ സമാപിക്കും.|

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വികസനമുന്നേറ്റജാഥ വൈകിട്ട് കണ്ണൂർ ജില്ലയിൽ പ്രവേശിക്കും. പയ്യന്നൂരിൽ ആണ് ആദ്യ സ്വീകരണമെന്ന് CPIM കണ്ണൂർ ജില്ലാ സെക്രട്ടറി KK രാഗേഷ് അറിയിച്ചു.

നാളെ രാവിലെ മാടായി ബാങ്ക് ഓഡിറ്റോറിയത്തിൽ പൗരപ്രമുഖരുമായി MV ഗോവിന്ദൻ കൂടിക്കാഴ്ച നടത്തും. തുടർന്ന് പഴയങ്ങാടി, തളിപ്പറമ്പ്, ശ്രീകണ്ഠപുരം, ഇരിട്ടി എന്നിവിടങ്ങളിൽ സ്വീകരണം നൽകും.

വ്യാഴാഴ്ച വരെ ജാഥ കണ്ണൂർ ജില്ലയിൽ പര്യടനം നടത്തും.

✪✪✪

കേന്ദ്രപദ്ധതികൾ നടപ്പാക്കാതെ സംസ്ഥാന ഗവൺമെന്റ് ബജറ്റിനെതിരെ വ്യാജ പ്രചാരണം നടത്തുന്നതായി ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. നരേന്ദ്ര മോദി ഗവൺമെന്റിന്റെ പതിനൊന്നാമത് ബജറ്റ്, ഇന്ത്യയെ ദുർബലമായ സമ്പദ് വ്യവസ്ഥയിൽ നിന്നും ലോകത്തിലെ നാലാം നമ്പർ സമ്പദ് വ്യവസ്ഥയാക്കി മാറ്റിയതിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

2017-ൽ എയിംസിന് തമിഴ്നാട്ടിലെ മധുരയെയും കേരളത്തെയും തിരഞ്ഞെടുത്തപ്പോൾ, അന്നുമുതൽ ഇന്ന് വരെ ലാൻഡ് അക്വിസിഷൻ നടപടികൾ LDF ഗവൺമെന്റ് പൂർത്തിയാക്കിയില്ലെന്നും രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

✪✪✪

മൂന്ന് ദിവസത്തെ ഇടവേളയ്ക്ക് ശേഷം നിയമസഭാ സമ്മേളനം ഇന്ന് പുന:രാരംഭിക്കും. ബജറ്റിന്മേൽ പൊതു ചർച്ച ഇന്ന് തുടങ്ങും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

....വോയ്സ്.....

ഇന്നു മുതൽ ബുധനാഴ്ച വരെ ബജറ്റ് ചർച്ചയാണ് നിയമസഭയുടെ കാര്യ പരിപാടികളിൽ ഉള്ളത്. ക്ഷേമ പെൻഷനുകൾ അടക്കമുള്ളവയിൽ വർധനവു പ്രഖ്യാപിച്ചതു നേട്ടമായി ഉയർത്തിക്കാട്ടാൻ ഭരണപക്ഷം ശ്രമിക്കുമ്പോൾ യാഥാർത്ഥ്യ ബോധമില്ലാത്തതെന്നാണ് പ്രതിപക്ഷം കുറ്റപ്പെടുത്തുന്നത്. ഇവയെല്ലാമാകും അടുത്ത മൂന്നു ദിവസം ബജറ്റ് ചർച്ചയിൽ വിശദമായി

ഉയർന്നു വരാൻ സാധ്യത. ശബരിമല പ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇതിനിടെ ഉയർന്നു വരാൻ വലിയ സാധ്യതകളാണുള്ളത്. വ്യാഴാഴ്ച 2025-26 സാമ്പത്തിക വർഷത്തെ ബജററിന്റെ അന്തിമ ഉപധനാഭ്യർത്ഥനകൾ ചർച്ചയും വോട്ടെടുപ്പുമാണ് കാര്യ പരിപാടിയിൽ ഉള്ളത്. തുടർന്നു പിരിയുന്ന സഭ പിന്നീട് ഫെബ്രുവരി 23-ന് ആയിരിക്കും വീണ്ടും സമ്മേളിക്കുക.

✪✪✪

ഇന്ന് ലോക തണ്ണീർത്തട ദിനം. മനുഷ്യന്റെ സമൃദ്ധി, ആരോഗ്യ ഭൂമി എന്നിവയുടെ പ്രാധാന്യം ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ദിനാചരണ ലക്ഷ്യം. 'മനുഷ്യന്റെ ശാരീരികവും, മാനസികവും, പാരിസ്ഥതികവുമായ ഉന്നതി' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. 1997 ഫെബ്രുവരി 2 നാണ് ആദ്യ ലോകതണ്ണീർത്തട ദിനം ആചരിച്ചത്.

✪✪✪

കേരളത്തിൽ കൂൺ കൃഷി കൂടുതൽ ശാസ്ത്രീയമായി വ്യാപിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനും വിവിധ ജില്ലകളിൽ നിന്ന് കൂൺ കർഷകരുടെയും സംരംഭകരുടെയും 25 പേരുടെ ആദ്യ സംഘം ഹിമാചൽ പ്രദേശിലേക്ക് യാത്ര തിരിച്ചു. മന്ത്രി P പ്രസാദാണ് സംഘത്തെ നയിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും നേതൃത്വത്തിൽ ഹിമാചൽ പ്രദേശങ്ങളിലെ സോളനിലെ ഡയറക്ടറേറ്റ് ഓഫ് മഷ്‌റൂമിലേക്ക് ഒരാഴ്ചത്തെ പരിശീലനത്തിനാണ് സംഘം യാത്ര പുറപ്പെട്ടത്.

✪✪✪

കേരളത്തെ ലോകനാടക ഭൂപടത്തിൽ അടയാളപ്പെടുത്തിയ 16-ാമത് അന്താരാഷ്ട്ര നാടകോത്സവം തൃശൂരിൽ സമാപിച്ചു.

ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ്....

........വോയ്സ്....

സാംസ്കാരിക നഗരിയായ തൃശ്ശൂരിന്റെ മണ്ണിൽ ഈ നിശബ്ദതയിലെ ശബ്ദങ്ങൾ എന്ന പ്രമേയത്തെ ആസ്പദമാക്കി കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച പതിനാറാമത് അന്തരാഷ്ട്ര നാടകോത്സവത്തിന് തിരശ്ശീല വീണു. ജനുവരി 25 മുതൽ ഫെബ്രുവരി 1 വരെ എട്ടു ദിവസം നീണ്ടു നിന്ന നാടകോത്സവത്തിൽ എട്ട് വിദേശ നാടകങ്ങളും 14 ദേശീയ നാടകങ്ങളുമടക്കം 22 നാടകങ്ങളുടെ 47 അവതരണങ്ങളാണ് നടന്നത്. ഞായാറാഴ്ച വൈകിട്ട് അക്കാദമി അങ്കണത്തിൽ നടന്ന സമാപന സമ്മേളനം ഫെസ്റ്റിവൽ ക്യൂറേറ്റർ അനാമിക ഹക്സർ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ നിജി ജസ്റ്റിൻ മുഖ്യാതിഥിയായി. അക്കാദമി വൈസ് ചെയർപേഴ്സൺ പുഷ്പവതി പി ആർ ചടങ്ങിൽ സംസാരിച്ചു.

അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി സ്വാഗതവും ഫെസ്റ്റിവൽ ഡയറക്ടർ ജലീൽ ടി കുന്നത്ത് നന്ദിയും പറഞ്ഞു. സമാപന ദിവസത്തെ അവസാന നാടകമായി ബ്രസീലിൽ നിന്നുള്ള എ സ്ക്രീം ഇൻ ദി ഡാർക്ക് അക്കാദമി യുടെ ആക്ടർ മുരളി തീയറ്ററിൽ അരങ്ങേറി.

✪✪✪

സിംബാബ്‌വേയിൽ ICC പുരുഷ അണ്ടർ 19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, പാകിസ്ഥാനെ 58 റൺസിന് പരാജയപ്പെടുത്തി. 253 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ 46.2 ഓവറിൽ 194 റൺസിന് ഓൾഔട്ടായി.

ജയത്തോടെ സെമിഫൈനലിലെത്തിയ ഇന്ത്യ മറ്റന്നാൾ അഫ്ഗാനിസ്ഥാനെ നേരിടും.

✪✪✪

ഇന്ത്യയ്ക്കെതിരായ ട്വന്റി - 20 പുരുഷ ലോകകപ്പ് ഗ്രൂപ്പ് ലീഗ് മത്സരം ബഹിഷ്കരിക്കാൻ പാകിസ്ഥാൻ ഗവണ്മെന്റ് ദേശീയ ടീമിന് നൽകിയ നിർദ്ദേശം, ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ മുന്നറിയിപ്പ് നൽകി. ഈ മാസം 15 ന് കൊളംബോയിലാണ് മത്സരം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ഗോവയ്ക്കെതിരെ കേരളത്തിന് ഒൻപത് വിക്കറ്റിന്റെ തകർപ്പൻ ജയം. 29 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിങ്സിൽ ബാറ്റിങ്ങിനിറങ്ങിയ കേരളം ഒരു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി.

✪✪✪

ഏഷ്യൻ റൈഫിൾ ആൻഡ് പിസ്റ്റൾ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. 10, 25, 50 മീറ്റർ ഇനങ്ങളിൽ പുരുഷ, വനിതാ, ജൂനിയർ, യൂത്ത് വിഭാഗങ്ങളിലാണ് മത്സരം. രണ്ടാഴ്ചത്തെ മത്സരത്തിൽ 17 രാജ്യങ്ങൾ പങ്കെടുക്കും.

✪✪✪

മെഡിക്കൽ കോളജ് ഡോക്ടർമാർ ഇന്ന് മുതൽ അനിശ്ചിത കാലത്തേക്ക് OP ബഹിഷ്കരിക്കും. ശമ്പള പരിഷ്കരണം, കൂടുതൽ തസ്തികകൾ സൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യ വികസനം, തുടങ്ങിയ ആവശ്യങ്ങളോട് ഗവൺമെന്റ് തുടരുന്ന സമീപനങ്ങളിൽ പ്രതിഷേധിച്ചാണ് സമരമെന്ന് KGMCTA ഭാരവാഹികൾ അറിയിച്ചു. കാഷ്വാലിറ്റി, ലേബർ റൂം, അടിയന്തര ശസ്ത്രക്രിയകൾ, പോസ്റ്റ്മോർട്ടം എന്നിവയെ സമരപരിപാടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനുഷ ആത്മപ്രകാശ്, സബിത കെ*
*DEO: സി കെ സുബോധ്*